compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഫെബ്രുവരി 04
**Tuesday, 04th February 2025**

1200 മകരം 22
**22nd Makaram 1200**

1946 മാഘം 15
**15th Magha 1946**

വാല്യം 14
**Vol. XIV**

നമ്പർ
**No.** } 5

## Part III

## Homoeopathy

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ - തിരുവനന്തപുരം**
**(ഹാജർ: ഡോ. എം.പി. ബീന)**

വിഷയം : ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - നേഴ്സ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി പുന:ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം. DHTVM/548/2024-EA2. തീയതി: 20-10-2024**

പരാമർശം :

(1) 11/01/2021 ൽ പ്രസിദ്ധീകരിച്ച ഹോമിയോപ്പതി വകുപ്പിലെ 01-04-1968 മുതൽ 31-12-2019 വരെയുള്ള നേഴ്സ് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ്.

(2) 23/12/2022 ലെ സ.ഉ (സാധാ) 594/2022/ആയുഷ് നമ്പർ ഉത്തരവ്

(3) ശ്രീമതി ആഷാമോൾ ബി (നേഴ്സ് ഗ്രേഡ് II, പെയിൻ & പാലിയേറ്റീവ് കെയർ സെന്റർ "ചേതന" വണ്ടൂർ) യുടെ 08/04/2024 ലെ അപേക്ഷ

(4) ശ്രീമതി ശ്രീജ.ആർ. (നേഴ്സ് ഗ്രേഡ് II, സർക്കാർ ഹോമിയോ ആശുപത്രി, മലപ്പുറം) ന്റെ 20/04/2024 ലെ അപേക്ഷ.

(5) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 09/08/2024-ലെ DHTVM/548/2024-EA2 നമ്പർ കത്ത്.

(6) 07/09/2024 ലെ ആയുഷ്-സി2/2021/2024-ആയുഷ് നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിൽ മേൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച നേഴ്സ് തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം: 148 ശ്രീമതി രാജശ്രീ എം ജോലിയിൽ പ്രവേശിച്ച ശേഷം പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് പഠനാവശ്യത്തിനായി കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B പ്രകാരം ശൂന്യ വേതനാവധി എടുത്തിട്ടുള്ളതിനാൽ പരാമർശം (2) പ്രകാരം 09/11/2016 മുതൽ 10/04/2017 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയായും, 11/04/2017 മുതൽ 04/12/2017 വരെയുള്ള കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായും ക്രമപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സാഹചര്യത്തിൽ ശ്രീമതി രാജശ്രീ എം-ന്റെ സീനിയോറിറ്റി ടിയാൾ പഠനാവധിയ്ക്ക് ശേഷം ജോലിയിൽ തിരികെ പ്രവേശിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നം: 151 ആഷാ മോൾ ബി., ക്രമനം: 152 ശ്രീജ ആർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നിവർ പരാമർശം (3), (4) പ്രകാരം അപേക്ഷ സമർപ്പിരുന്നു. ടിയാളുകളുടെ അപേക്ഷ പ്രകാരം പരാമർശം (1) സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ക്രമ നം: 148 രാജശ്രീ എം ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശ തീയതിയുടെ അടിസ്ഥാനത്തിലാണെന്ന് സീനിയോറിറ്റി നിശ്ചിയിച്ച് നൽകിയിരിക്കുന്നതെന്ന് കണ്ടെത്തിയിരുന്നു. ടിയാൾ ജോലിയിൽ പ്രവേശിച്ച ശേഷം പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് മുൻപ് കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII B പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ കെ.എസ്.& എസ്.എസ്.ആർ ഭാഗം II ചട്ടം 27 (സി) യുടെ ഏഴാമത്തെ പ്രൊവിസോ പ്രകാരം പരാമശം (2) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന കാലയളവ് കഴിഞ്ഞ് ജോലിയിൽ തിരികെ പ്രവേശിച്ച തീയതി മുതൽ മാത്രമേ ടിയാൾക്ക് സീനിയോറിറ്റിയ്ക്ക് അർഹതയുള്ളൂ. പരാമർശം (1) സീനിയോറിറ്റിലിസ്റ്റ് പരിശോധിച്ചതിൽ ക്രമ നം:148 രാജശ്രീ എം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് മുൻപായി ക്രമ നം: 149 മുതൽ 154 വരെയുള്ള ജീവനക്കാർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്ന് നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ക്രമ നം: 149 മുതൽ 154 വരെയുള്ള ജീവനക്കാർക്ക് ശ്രീമതി.രാജശ്രീ എം. ന് മുൻപായി സീനിയോറിറ്റിയ്ക്ക് അർഹതയുള്ളതിനാൽ വിവരം പരാമർശം (5) പ്രകാരം സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ആയത് പ്രകാരം കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 27 (സി) യുടെ ഏഴാമത്തെ പ്രൊവിസോയിലേയും, കെ.എസ്.ആർ ഭാഗം I അനുബന്ധം XII ബി യിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ, കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 27 (ബി) പ്രകാരം പരാമർശം (1) സീനിയോറിറ്റിലിസ്റ്റിലെ ക്രമ നം : 148 മുതൽ ക്രമ നം:154 വരെയുള്ള ജീവനക്കാരുടെ സീനിയോറിറ്റി പുന:ക്രമീകരിക്കുന്നതിന് പരാമർശം (6) പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സീനിയോറിറ്റി ലിസ്റ്റിലെ **ക്രമ നം:148 മുതൽ 154 വരെയുള്ള ജീവനക്കാരുടെ** സീനിയോറിറ്റി കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 27 (സി) യുടെ ഏഴാമത്തെ പ്രൊവിസോയിലേയും, കെ.എസ്.ആർ ഭാഗം I അനുബന്ധം XII ബി യിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ, കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 27 (ബി) പ്രകാരം പുന:ക്രമീകരിച്ച് അനുബന്ധമായി ചേർത്ത് ഉത്തരവാകുന്നു. ആയത് ബന്ധപ്പെട്ടവരുടെ അറിവിലേയ്ക്കായി ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു.

ടി ഭേദഗതികളൊടെ പരാമർശം (1) സീനിയോറിറ്റി ലിസ്റ്റ് നിലനിൽക്കുന്നതാണ്.

ഡയറക്ടർ
(പൂർണ്ണ അധിക ചുമതല)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## Appendix II
## Revised Seniority of Nurses (Homoeo) ( SL no: 148 to 154) Up to 31-12-2019

| *Sl.No* | *Name* | *Qualifications* | | *Date of Birth* | *Caste/Religion* | *Date of advice by PSC* | *Date of Joining duty* | *Remarks* |
|---|---|---|---|---|---|---|---|---|
| | | General | Technical | | | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| 148 | Smitha Baby. P | Plus Two | BSc Nursing | 06-01-1991 | Christian | 19-10-2017 | 07-12-2017 | Relieved to Health Department |
| 149 | Vidya. V.R | Plus Two | BSc Nursing | 08-01-1990 | Hindu/Nair | 24-11-2017 | 19-01-2018 | Relieved to Health Department |
| 150 | Asha Mol. B | Plus Two | GNM | 13-01-1985 | Christian/Latin Catholic | 30-11-2017 | 03-02-2018 | |
| 151 | Sreeja R | Plus Two | BSc Nursing | 07-06-1982 | Hindu/Maruthuvar | 30-11-2017 | 05-02-2018 | |
| 152 | Nimisha. T.P | Plus Two | GNM | 31-12-1990 | Hindu/Kanakkan (SC) | 30-11-2017 | 01-02-2018 | |
| 153 | Smisha T | Plus Two | GNM | 19-12-1985 | Hindu/Thiyya | 30-11-2017 | 01-03-2018 | Relieved to Health Department |
| 154 | Rajasree M | Plus Two | GNM | 25-04-1980 | Hindu/Paraya (SC) | 22-09-2016 | 07-11-2016 | Leave Without Allowance (LWA) was availed for the period from 09/11/2016 to 04/12/2017, as per Appendix XII B of Part I of the Kerala Service Rules, before the declaration of probation, and duty was resumed on **05/12/2017** after completing the leave. |

**Dr. M.P BEENA**
Director (FAC)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.02.04 03:09:09 +05:30